കേരള സർക്കാർ

ധനകാര്യ(നോഡൽ സെന്റർ-ബി) വകുപ്പ്.

## **സർക്കുലർ**

നം. 74 /2016/ധന — തീയതി, തിരുവനന്തപുരം 07.09.2016

വിഷയം :- ധനകാര്യ വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് 2016-17- എം.എൽ.എ മാരുടെ ശുപാർശകൾ ഡിസംബർ 31 ന് മുൻപായി ധനകാര്യ വകുപ്പിൽ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സ.ഉ.(പി)നം. 332/2012/ധന തീയതി 11.06.2012.
2. സർക്കുലർ നം.55/2016/ധന തീയതി 26.06.2016.

ഓരോ എം.എൽ.എ യ്ക്കും 5 കോടി രൂപ വീതം ചെലവഴിച്ചു കൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി നിയോജക മണ്ഡല ആസ്തി വികസന പദ്ധതി 2012-13 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന(1) ലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട ഫയലുകൾ ഇതിനായി പ്രത്യേകം വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ് വെയർ സംവിധാനം മുഖേന കൈകാര്യം ചെയ്യേണ്ടതുള്ളതിനാലും സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കേണ്ടതുള്ളതിനാലും ഓരോ എം.എൽ.എ യും തങ്ങൾക്ക് വകയിരുത്തിയിട്ടുള്ള 5 കോടി രൂപ വിനിയോഗിച്ച് മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ ശുപാർശകൾ സൂചന (2) സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതുപോലെ 2016 ഡിസംബർ 31 ന് മുൻപായി ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

**മിൻഹാജ് ആലം**
**സെക്രട്ടറി (ധനകാര്യ റിസോഴ്സസ്)**

1. ബഹു. മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2 എല്ലാ എം.എൽ.എ മാർക്കും
3. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
4. നോഡൽ ഓഫീസർ (ധനകാര്യം) www.finance.kerala.gov.in
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ